# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :07/12/ 2019

## വിശപ്പ് രഹിത പാരിപ്പള്ളി

### **"പാഥേയം''** നാടിന് സമർപ്പിച്ച് അമൃത എച്ച്.എസ്സ്.എസ്സിലെ സ്റ്റുഡന്റ് പാലീസ്....

കൊല്ലം : വിശപ്പ് രഹിത പാരിപ്പള്ളി പദ്ധതിയായ **"പാഥേയം''** ഇന്ന് ജില്ലാ പോലീസ് മേധാവി ശ്രീ. പി.കെ മധു ഐ.പി.എസ് നാടിന് സമർപ്പിച്ച് അമൃത എച്ച്.എസ്സ്.എസ്സിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളോട് ഇത് കൊല്ലം സിറ്റിക്ക് മാത്രമല്ല കേരള നാടിനാകെ അഭിമാനിക്കാവുന്ന ഒരു ചരിത്ര മുഹൂർത്തമാണ് എന്ന് അഭിപ്രായപ്പെട്ടു. ഉദ്ഘടന ശേഷം ഹെഡ്മിസ്ട്രസ്സ് ശ്രീമതി. ലത ജില്ലാ പോലീസ് മേധാവി വൃക്ഷത്തൈ സമ്മാനിച്ചു.



**"പാഥേയത്തിന്റെ''** ഉദ്ഘടനം നിർവ്വഹിക്കുന്ന ജില്ലാ പോലീസ് മേധാവി

പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും ATM മോഡലിൽ നിർമ്മിച്ച അലമാരയിൽ കേഡറ്റുകൾ കരുതിയിരിക്കും പാരിപ്പള്ളി പോലീസ് സ്റ്റേഷനുമായോ, പാരിപ്പള്ളി അമൃത എച്ച്.എസ്സ്.എസ്സിലെ സ്റ്റുഡന്റ് പാലീസ കേഡറ്റുകളുമായൊ, ക്യാമ്പസ് ബുക്ക്സുമായോ ബന്ധപ്പെട്ട് പൊതുജനങ്ങൾക്കും ഭക്ഷണപ്പൊതികൾ നൽകാവുന്നതാണ്.

പാരിപ്പള്ളി എസ്.എച്ച്.ഒ ശ്രീ. രാജേഷ് കുമാർ, എസ്.ഐ ശ്രീ. പി. രാജേഷ്, സ്റ്റുഡന്റ് പാലീസ് അസ്സിസ്റ്റന്റ് നോഡൽ ഓഫീസർ ശ്രീ. വൈ.സോമരാജ്, സ്കൂൾ ഹെഡ്മിസ്ട്രസ്സ് ശ്രീമതി. ലത, MS PTA പ്രസിഡന്റ് ശ്രീ. ജയചന്ദ്രൻ, PTA വൈസ് പ്രസിഡന്റ് ശ്രീ. പി.എം രാധാകൃഷ്ണൻ, ദേശീയ അധ്യാപക അവാർഡ് ജേതാവ് ശ്രീ. ആർ. രാധാകൃഷ്ണൻ, സാംസ്കാരിക പ്രവർത്തകരായ ശ്രീ. കബീർ, ശ്രീ. സന്താഷ്, സി.പി.ഒ ശ്രീ. ഷഹീർ, ഡ്രിൽ ഇൻസ്ട്രക്ടർമാരായ ശ്രീ. ബി. രാജേഷ്, ശ്രീമതി. കെ. ബിന്ദു, ക്യാമ്പസ് ബുക്ക്സ് മാനേജിംഗ് പാർട്ണറായ ശ്രീ. സമീർ തുടങ്ങിയവർ പങ്കെടുത്തു.



**"പാഥേയത്തിന്റെ''** ഉദ്ഘടന ശേഷം ഹെഡ്മിസ്ട്രസ്സ് ശ്രീമതി. ലത ജില്ലാ പോലീസ് മേധാവി വൃക്ഷത്തൈ സമ്മാനിക്കുന്നു